# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1834** **04.12.2018 -ലെ മറുപടിയ്ക്ക്**

## സർവ്വകലാശാലകളിലെ പി.എസ്.സി.നിയമനം

*ചോദ്യം*

ശ്രീ. മഞ്ഞളാംകുഴി അലി
,, വി.കെ. ഇബ്രാഹിം കുഞ്ഞ്

*ഉത്തരം*

**ഡോ.കെ.ടി.ജലീൽ**
(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി )

| | | | |
|---|---|---|---|
| (എ) | സർവ്വകലാശാലകളിലെ നിയമനം പി.എസ്.സി വഴി നടത്തുന്നതിന് തീരുമാനിച്ചുകൊണ്ട് എന്നാണ് നിയമം പാസ്സാക്കിയത്; ആയതുപ്രകാരം ഏതെല്ലാം തസ്തികകളിൽ പി.എസ്.സി മുഖേന നിയമനം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്; | (എ) | 2015 ഡിസംബർ 21 ലെ നം.24904/ലെഗ്. ജി2/2015/നിയമം വിജ്ഞാപന പ്രകാരം സർവ്വകലാശാലകളിലെ അനദ്ധ്യാപക തസ്തികകളിലേയ്ക്കുള്ള നിയമനം പി.എസ്.സി. വഴിയാക്കിയിട്ടുണ്ട്. ആയത് പ്രകാരം യൂണിവേഴ്സിറ്റി അസിസ്റ്റന്റ്, കംപ്യൂട്ടർ അസിസ്റ്റന്റ് എന്നീ തസ്തികകളിലേയ്ക്ക് പി.എസ്.സി. മുഖേന നിയമനം നടത്തി വരുന്നു. |
| (ബി) | പി.എസ്.സി വഴി നിയമനം നടത്തുന്നതിന് തീരുമാനിച്ചിട്ടും നാളിതുവരെ ഏതെല്ലാം തസ്തികകളിൽ ഇത്തരത്തിൽ നിയമനം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടില്ലായെന്നത് സർവ്വകലാശാല തിരിച്ച് വിശദാംശം നൽകുമോ; | (ബി) | യൂണിവേഴ്സിറ്റി അസിസ്റ്റന്റ്, കംപ്യൂട്ടർ അസിസ്റ്റന്റ് എന്നിവ ഒഴികെയുള്ള അനദ്ധ്യാപക തസ്തികകളിൽ പി.എസ്.സി വഴി നിയമനം നടത്തുന്നതിന് സർവ്വകലാശാലകൾ നടപടി സ്വീകരിച്ചിട്ടില്ല. |
| (സി) | ഇപ്രകാരം നിയമനം നടത്തുന്നതിന് സ്പെഷ്യൽ റൂളുകൾ ആവശ്യമായ തസ്തികകളിൽ ആയത് തയ്യാറാക്കുന്നതിനും പി.എസ്.സി മുഖേന നിയമനം നടത്താൻ നിയമമനുശാസിക്കുന്ന എല്ലാ സർവ്വകലാശാല തസ്തികകളിലും അപ്രകാരം നിയമനം നടത്തുന്നതിനുമാവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | യൂണിവേഴ്സിറ്റി അസിസ്റ്റന്റ്, കംപ്യൂട്ടർ അസിസ്റ്റന്റ് തസ്തികകൾ ഒഴികെയുള്ള അനദ്ധ്യാപക തസ്തികകൾക്കുള്ള പ്രത്യേക ചട്ടങ്ങൾ തയ്യാറാക്കുന്നതിനായി കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിനെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ